# കുഞ്ഞാലിക്കുട്ടിയും വീരേന്ദ്രകുമാറും

ആദിവാസികളെ ഉപയോഗിച്ച് ഭൂമി കൈയേറ്റം നടത്താൻ സി.പി.എമ്മിന്റെ തറവാടല്ല കേരളമെന്ന് മുസ്ലിം ലീഗ് നേതാവായ പി.കെ. കുഞ്ഞാലിക്കുട്ടി ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചിരിക്കുകയാണ്. കൊള്ളാം, കുഞ്ഞാലിക്കുട്ടിതന്നെ വേണം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഭർത്സിക്കാൻ. അതിന് അദ്ദേഹം പരമയോഗ്യൻ തന്നെ. മുൻപ് തലനാരിഴ വ്യത്യാസത്തിൽ അറസ്റ്റിൽനിന്നും കുഞ്ഞാലിക്കുട്ടി രക്ഷപ്പെട്ടത് നായനാരുടെ മുഖ്യമന്ത്രിക്കാലത്തായിരുന്നല്ലോ. അക്കാലത്ത് ഐസ്ക്രീം പാർലർ കേസിനെത്തുടർന്ന് ഏതെല്ലാം വൃത്തികേടുകളാണ് പുറത്തുവന്നത്. ചീഞ്ഞ തുണിത്തുണ്ടുകൾ കൊണ്ട് പൊതുജീവിതമാകെ മലീമസമായതായിരുന്നു ആ ദിവസങ്ങൾ. ഒടുവിൽ കെ.ടി. ജലീൽ എന്ന ചെറുപ്പക്കാരൻ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കുഞ്ഞാലിക്കുട്ടിയെ മലർത്തിയടിക്കുക മാത്രമല്ല ചെയ്തത്. യു.ഡി.എഫ് രാഷ്ട്രീയത്തിൽനിന്നും പതുക്കെ അദ്ദേഹം നിഷ്ക്രമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. സ്വഭാവശുദ്ധിയും ജനസ്നേഹവുമുള്ള പലരും ലീഗ് നേതൃത്വത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെടാനും അത് വഴിയൊരുക്കിയിരുന്നു.

എന്നാൽ പിണറായി വിജയനും കൂട്ടരും അതിനു സമ്മതിച്ചില്ല. പി.ഡി.പിയെ ചുമന്നെടുത്തുകൊണ്ടുവന്ന് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ഹൃദയത്തിൽ അവർ പ്രതിഷ്ഠിച്ചു. അതോടെ ഗ്ലാനിയിലായ കുഞ്ഞാലിക്കുട്ടിയുടെ രാഷ്ട്രീയ പുനരധിവാസവും ആരംഭിച്ചു. ഈവിധം കുഞ്ഞാലിക്കുട്ടിയുടെ രാഷ്ട്രീയ ജീവിതത്തിലെ പരോക്ഷ സ്വാധീനമായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ അദ്ദേഹം ആക്രോശം നടത്തുമ്പോൾ ആരെയോർത്തു കരയണം, അല്ലെങ്കിൽ ചിരിക്കണം?

അടുത്ത തെരഞ്ഞെടുപ്പോടുകൂടി ഉമ്മൻചാണ്ടിയുടെ വലതുവശത്ത് ഉപവിഷ്ടനാകാനുള്ള സീറ്റ് ഉറപ്പിച്ചുകൊണ്ടാണല്ലോ കുഞ്ഞാലിക്കുട്ടി അദ്ദേഹത്തിന്റെ രാഷ്ട്രീയ വനവാസത്തോട് വിട പറഞ്ഞ് രംഗത്ത് ഗംഭീരവാനായി എത്തിയിരിക്കുന്നത്. ഇനിയുള്ള കാലം തനിക്കുള്ളതാണെന്ന അമിതവിശ്വാസത്തിലാണ് അദ്ദേഹമെന്നു തോന്നുന്നു. അതിന്റെ ഭാവഹാവാദികളാണല്ലോ അദ്ദേഹം പൊതുവേദിയിൽ നടത്തുന്ന പ്രസംഗപരമ്പരകളിൽ പ്രതിഫലിക്കുന്നത്. പൊതുജനങ്ങളുടെ ഓർമ്മകൾ 'ഗൗളിപ്രായ'മുള്ളതാണെന്നു പറയുന്നത് ശരിവയ്ക്കുന്നതാണ് കുഞ്ഞാലിക്കുട്ടിയുടെ ഈ തിരിച്ചുവരവ്. ആനയും അമ്പാരിയുമായി, ചുവന്ന കംബളം വിരിച്ച് അദ്ദേഹത്തെ ആനയിക്കാൻ രംഗം ഒരുങ്ങിക്കഴിഞ്ഞു. അതിനു പകിട്ടു നൽകാൻ കുഴൽവിളിക്കാരായി കോൺഗ്രസ്സുകാരും ജനതാദൾ എസ്സുകാരും എത്തിക്കഴിഞ്ഞു. അവരിൽ പ്രധാനിയായി രംഗത്തു നിറഞ്ഞുനിൽക്കുന്നത് ജനതാദൾ എസ് നേതാവായ എം.പി. വീരേന്ദ്രകുമാറാണ്. ('മൈ കൺട്രിമെൻ, വാട്ട് എ ഫാൾ വാസ് ദെയർ'എന്ന് ഷേക്സ്പിയർ എത്ര ഭംഗിയായി ദീർഘദർശനം ചെയ്തു)

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായുള്ള ബാന്ധവം അവസാനിപ്പിച്ച് യു.ഡി.എഫുമായി സമ്മന്തം തുടങ്ങിയതോടെ ആരെങ്കിലും സങ്കല്പിച്ചിട്ടുണ്ടാവുമോ സോഷ്യലിസ്റ്റുകാരനായ വീരേന്ദ്രകുമാറിനെ കാത്തിരിക്കുന്നത് ഈ ഗതികേടാണെന്ന്. അദ്ദേഹത്തിന് എങ്ങനെ കഴിയും, കുഞ്ഞാലിക്കുട്ടിയോടൊപ്പം പൊതുവേദി പങ്കിടാൻ. മാന്യനല്ലേ അദ്ദേഹം. വലിയ വിവരമുള്ള ഒരാളല്ലേ അദ്ദേഹം. എന്നിട്ട്, ഇങ്ങനെയൊക്കെ ആവാൻ അദ്ദേഹത്തിന് എങ്ങനെ കഴിയുന്നു!

ശിവശംഭോ, ലോകത്തിന്റെ ഗതി എത്ര വിചിത്രം. വർണ്ണനാതീതം. ■

**വാൽക്കഷ്ണം:** എൽ.ഡി.എഫ് ഭരിച്ചാൽ ആചാരവെടി കിട്ടാതെ മരിക്കേണ്ടിവരുമെന്ന് എം.പി. വീരേന്ദ്രകുമാർ ഭയക്കുന്നുവത്രെ! ആചാരവെടി മോഹിച്ചാണോ ലോഹ്യയുടെ ശിഷ്യന്മാർ പൊതുജീവിതത്തിന് ഇറങ്ങിയത്? കുസൃതിയാണെങ്കിലും നില മറക്കരുത് സർ.